എഡിറ്റോറിയൽ

ഇന്ന് ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കൻഡറി സ്കൂൾ അഭിമാനപൂർവം പുറത്തിറക്കുന്ന പത്രിക. സുവർണ്ണ ജൂബിലിയിലെയ്ക്ക് കടന്നുകയറുമ്പോൾ ഈ വിദ്യാലയത്തിന് പിൻതിരിഞ്ഞു നോക്കാനുണ്ടാകാം ഏറെ അഭിമാനവും സങ്കടങ്ങളും....

തിരിച്ചും കാൽനൂറ്റാണ്ട് ചെമ്മണ്ണാർ വർക്കേഴ്സ്യുണ്ട് കൗൺസിലിന്റെ ഗുൺമേന്മയോടെ ഇവിടെ കുടിയിരിക്കുന്നു. കുട്ടികളുടെ പഠനാവശ്യത്തിനായി കലിക്കിലെത്തിയ പള്ളിയും ചെമ്മണ്ണാറിന് അഭിമാന സ്മാരകമായി ഇന്ന് നിലകൊള്ളുന്നു.

ആദ്യത്തെ അത്ഭുതമായും കുട്ടികൾ ഈ സ്ഥാപനത്തിൽ വിദ്യയഭ്യസിക്കുന്നു. അവരുടെ ആഗ്രഹവും അവകാശവും. മാനസികവും. ആത്മീയവുമായ വളർച്ചയ്ക്കായി വമ്പിച്ചതെന്നുള്ള വിധം പ്രവർത്തനങ്ങൾ. കായികവും കലാപരവുമായ അണക്കെട്ടുകൾ പ്രവൃത്തി-പരിചയത്തിലെ തിളക്കമാർന്ന വിജയങ്ങൾ.

എൻ.എസ്.എസ്., സ്കൗട്ട് & ഗൈഡ്, യൂണിക്കോ ക്ലബ് ആൻഡ് എന്നിവയിലൂടെ കർമ്മനിരതരായ സമൂഹ പ്രവർത്തകർ. വിദ്യാഭ്യാസത്തെ ഉന്നതമായ തലത്തിലേക്കുയർത്തുവാൻ സഹായകരമായി അധ്യാപകരും. രക്ഷിതാക്കളും. മുതിർന്ന പൗരന്മാർ സമൂഹ സമ്പർക്ക പദ്ധതി. പൗരബോധത്തിന്റെ ചക്രവാളങ്ങൾ തീർക്കുവാൻ പ്രതിഭാ ക്ലബ്. പ്രതിഭാ ക്ലബ്.... സംസ്കാരത്തനിമയുടെ പ്രസരം പിടിച്ചുപറ്റിയ ഏതൻ പിതാവ് സമ്മാനം എന്ന പദ്ധതി. ഇലക്ട്രോണിക് ഉപകരണങ്ങൾ. കമ്പിയാരുകൾ. ധ്യാനം. ക്ലൈമ്പ്... ഇങ്ങനെ കുട്ടികൾക്കായി അണക്കെട്ട പദ്ധതികൾ.

കുട്ടികളുടെ പ്രശ്നങ്ങളും വിഷമതകളും ഗ്രഹിക്കുവാനുള്ള അന്തരീക്ഷത്തിലൂടെ 'ഹെല്പ് ഹൗസ്'... സഹായകരമായിക്കൊണ്ടിരിക്കുന്ന വഴി തുറക്കപ്പെടുത്തുവാൻ സ്വന്തം...

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം സുദൃഢമാക്കുവാൻ ഗ്രൗണ്ട് ഉണ്ടുകൾ. കമ്പിയാരുകൾ. ഭൂമിയാൽക്കൊണ്ട ഉദ്യാനങ്ങൾ എന്നിവയിലൂടെ പ്രകൃതിയെ അറിയുവാൻ അവസരം. അന്നും ഇന്നും ഒക്കെ സസ്യങ്ങളെക്കുറിച്ചുള്ള ചിന്തിപ്പിക്കലിലൂടെ കുറിച്ച് ആഴത്തിലറിയുവാൻ പ്രാർത്ഥനാ ഗാർഡൻ...

വിദ്യാലയമുറ്റത്ത് തണൽ മരങ്ങളും വിരിക്കൊണ്ടിൽ പൂക്കളും വച്ചുപിടിച്ചു കൊണ്ട് പ്രകൃതിയുടെ നന്മകളിലേയ്ക്കുള്ള ചുവടുകൾ.... വഴിക്കൊക്കെയിലെ മണൽ ഭൂമിയുടെ വൃത്തിക്കേടിലാണ് സമൂഹപ്രതിജ്ഞയതിലേയ്ക്ക്...

മലിനപ്പെടുന്ന വിദ്യയെ പരിസരം എന്ന ചേതനയ്ക്കായി കഠിന പ്രയത്നം. മുറിയിൽ കുട്ടികളിലെ സമൂഹസമ്പർക്കവും നീതിബോധവും പരിപോഷിപ്പിക്കുവാൻ സമൂഹസമ്പർക്കത്തിലൂടെ - ലൈബ്രറി ക്ലാസ്

ഇങ്ങനെ അഭിമാനത്തോടെ.... എടുത്തു പറയുവാൻ അണക്കെട്ടുകൾ ഒന്നുകൂടി... ഈ വലിയ ഒന്നുകൾക്കിടയിലും ഞങ്ങൾ നമ്മിലെ സ്നേഹത്തെയും... കാണണം. ഇന്നിലും ചെയ്തു കൂട്ടിയിട്ടുണ്ട്... അഭിമാനമായി ഞങ്ങൾ സ്വപ്നം കാണുന്നു... ആ സ്വപ്നസാക്ഷാത്കാരത്തിനായി ഒരുങ്ങാൻ... ഒന്നുകൂടി... നിശ്ചയദാർഢ്യത്തോടെ... പ്രാർത്ഥനാപൂർവ്വം...

ജോർജ്ജ് മാത്യു
എഡിറ്റർ

സാന്ത്വനം

7-ാം ക്ലാസിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ ഒന്നാം യൂണിറ്റിന്റെ പഠനത്തിലൂടെ പാവങ്ങളിലേക്ക് സാന്ത്വന സ്പർശനം എത്തിക്കണമെന്ന ചിന്ത ലഭിച്ച അഞ്ചുകുട്ടികൾ ചേർന്ന് സാന്ത്വനം എന്ന ക്ലബിന് രൂപം നൽകി.

പിടിയരി ശേഖരണം, വസ്ത്രശേഖരണം, ടിൻക ഉൽക്ഷൻ എന്നിവയിലൂടെ പാവപ്പെട്ട പല ഭവനങ്ങളിലും അനാഥ മന്ദിരങ്ങളിലും ഇവരുടെ സഹായങ്ങൾ അനേകം തവണ എത്തിക്കഴിഞ്ഞു. ടീന, അനു, ആൽസാന്ത്ര, ഡോണ, ഷെറിൻ എന്നിവർ ചേർന്ന് രൂപീകരിച്ച ക്ലബിലേക്ക് നിരവധി അംഗങ്ങൾ പങ്കുചേർന്നതോടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവവും ശ്രദ്ധേയവുമായി തുടരുന്നു.

സാമൂഹ്യ സേവനത്തിലൂടെ വ്യക്തിത്വ വികാസം

സാമൂഹ്യ സേവനത്തിലൂടെ വ്യക്തിത്വ വികാസം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനയാണ് നാഷണൽ സർവ്വീസ് സ്കീം.

ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റ് വിവിധ മേഖലയിൽ ഈ വർഷം നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. പരിസ്ഥിതി ദിനാചരണത്തോടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആശംസാ കാർഡുകൾ വിതരണം ചെയ്ത് നവാതരെ സ്വാഗതം ചെയ്തു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നടത്തിയ ടാബ്ലോ മത്സരം എവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. 'മിസ് എ മീൽ' പദ്ധതിയിലൂടെ സമാഹരിച്ച തുക ഉപയോഗിച്ച് വാങ്ങിയ അരിയും സാധനങ്ങളും വസ്ത്രങ്ങളും രാജാക്കാട് കരുണാലയത്തിലെ അന്തേവാസികൾക്ക് കൈമാറിയതായിരുന്നു മറ്റൊരു പ്രവർത്തനം. എൻ.എസ്.എസ് വോളണ്ടിയേഴ്സ് സ്കൂൾ പരിസരത്ത് കൃഷി നടത്തിവരുന്നു. മഹാത്മാഗാന്ധി ദിനാചരണം, നവംബർ മാസത്തിലെ മാർഗ്ഗനിർദ്ദേശക സെമിനാർ, ഡിസംബർ മാസത്തിൽ കുഞ്ഞിത്തണ്ണിയിൽ വച്ച് നടത്തിയ സപ്തദിന ക്യാമ്പ്, ദേവികുളം ആകാശവാണിയിൽ നടത്തുന്ന പ്രോഗ്രാം എന്നിവ എടുത്തു പറയേണ്ട പ്രവർത്തനങ്ങളാണ്.

എന്റെ മോഹം

അലൻ മാത്യു - IV

ഞാനൊരു കൊച്ചുകിളിമാലകളിൽ
പാറുന്നപാറുന്ന കപോതങ്ങൾ
മേലെക്കാലത്തും പുഴക്കാലത്തും
കുന്നുകുന്നു കപോതങ്ങൾ
ഞാനൊരു കൊച്ചുകിളിമാലകളിൽ
പാറിപ്പാറി നടക്കുന്നു
വീടുകൾ തോറും കാടുകൾ തോറും
കുന്നുകുന്നു കപോതങ്ങൾ
ഞാനൊരു കൊച്ചുകിളിമാലകളിൽ
വലക്കുന്ന രാജ്യീ കപോതങ്ങൾ
കുന്നും കുഴിയും പാറി
കുന്നുകൾക്കൊന്നു കുളിച്ചു

ക്രൈസ്തവസന്ദേശ വാഹകരായി....

വിദ്യാഭ്യാസം, പഠനം, സേവനം എന്നീ ലക്ഷ്യങ്ങളുമായി സമഗ്ര വ്യക്തിത്വ വികസനത്തിനും, മൂല്യാധിഷ്ഠിത ജീവിതശൈലി രൂപീകരണത്തിനും ക്രിസ്തീയ മൂല്യങ്ങൾ കരുപിടിപ്പിക്കുന്നതിനും, കെ.സി.എസ്.എൽ. എന്ന സംഘടന. സെന്റ് സേവ്യേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു. കുരുന്നുമനസുകളിൽ മറഞ്ഞുകിടക്കുന്ന കലാവാസനകളെ വെളിച്ചത്തു കൊണ്ടുവരുന്നതിനും, വിശുദ്ധരുടെ പാതയിൽ പിന്തുടരാൻ പ്രേരകമാവിധം, വിവിധ സാഹിത്യരചനാമത്സരങ്ങളിൽ പങ്കുചേരുന്നതിനും ക്രിസ്തീയ കലാമൂല്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും ഉത്സാഹപൂർവ്വം കെ.സി.എസ്.എൽ. അംഗങ്ങളെ പ്രാപ്തരാക്കുന്നു.

പ്രാർത്ഥനയുടെയും പങ്കുവയ്ക്കലിന്റെയും മഹത്വം മനസിലാക്കിക്കൊണ്ട് തങ്ങളുടേതായ നിക്ഷേപങ്ങൾ പാവങ്ങൾക്ക് നൽകുന്നതിനും, അനാഥാലയങ്ങൾ സന്ദർശിക്കുന്നതിനും അവരുടെ വേദനകളിൽ പങ്കുചേരുന്നതിനും ഈ സംഘടനയിലെ അംഗങ്ങൾ സന്നദ്ധരാണ്.

സ്കൂൾ പി.റ്റി.എ.

സ്കൂളിന്റെ പാഠ്യ-പാഠ്യേതരബന്ധ പ്രവർത്തനങ്ങൾക്ക് പൂർണ്ണ സഹകരണം നൽകുന്ന പി.റ്റി.എയുടെ നേതൃത്വത്തിൽ രണ്ട് സ്കൂൾ ബസുകൾ വാങ്ങിയതിലൂടെ കുട്ടികളുടെ യാത്രാക്ലേശങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തി. കംപ്യൂട്ടർ ലാബിന്റെ നിർമ്മാണത്തിലൂടെയും, എൽ.പി സ്കൂളിലെ കുട്ടികൾക്കു കൂടി ഡൈസ്ക്കുകൾ നിർമ്മിച്ചു നൽകിയതിലൂടെയും പ്രശംസാർഹമായ പ്രവർത്തനങ്ങൾ തുടരുന്നു. അടുത്ത അധ്യയന വർഷം മുതൽ ബസ്സിന്റെ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പി.റ്റി.എ. തുടക്കം കുറിച്ചുകഴിഞ്ഞു.

സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്ത നമ്മുടെ പ്രതിഭകൾ

എന്റെ പിറന്നാൾ സമ്മാനം

ആരുമറിയാതെ കഴിഞ്ഞുപോയിരുന്ന കുട്ടികളുടെ പിറന്നാൾ സ്കൂളിൽ ഇന്നൊരാഘോഷമാണ്. ഓരോ കുട്ടിയും തന്റെ പിറന്നാളിന് ഓരോ പുസ്തകം സ്കൂൾ ലൈബ്രറിക്ക് സമ്മാനിക്കുന്നു. ആ പുസ്തകത്താളിൽ എഴുതുന്ന പേരുകൾ, അവ വായിക്കുന്ന കുട്ടികളിലൂടെ പകർന്ന് അടുത്ത തലമുറയിലേയ്ക്ക് കൈമാറും ചെയ്യപ്പെടുന്നു. അനംഗുലിയിൽ വച്ച് കൈമാറുന്ന പുസ്തകത്തിന് പകരമായി ആശംസാകാർഡും മധുരവും നൽകി നിഞ്ഞ കൈയ്യടിയോടെ ആ കുട്ടിയെ ആദരിക്കുന്നു. അനുകരണീയമായ മാതൃക ഈ സ്കൂളിന്റെ യശസ് ഉയർത്തുന്നു.

പ്രഭിദിന ക്വിസ് പ്രതിവാര ക്വിസ്

കുട്ടികളുടെ പത്രവായനയും പൊതുവിജ്ഞാനവും പ്രോത്സാഹിപ്പിക്കുവാൻ ഒരു നൂതനപദ്ധതി. ഓരോ ദിവസത്തെയും പത്രവാർത്തയെ അടിസ്ഥാനമാക്കി ഓരോ ചോദ്യങ്ങൾ.... അന്നുതന്നെ ഒരിയുത്തരം കണ്ടുപിടിക്കുന്നവർക്ക് സമ്മാനം.

പൊതുവിജ്ഞാനത്തെ അസ്പദമാക്കി 5 ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ, ഉത്തരങ്ങൾ കണ്ടുപിടിക്കുവാൻ ഒരാഴ്ച. കൂടുതൽ ശരിയുത്തരം നൽകിയവരെ ഉൾക്കൊള്ളിച്ചുകൊണ്ട് വർഷാവസാനം ഒരൊക്വിസ്.... സമ്മാനദാനം.

ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സീസണൽ ഫ്ലൂയെപ്പറ്റിയുള്ള സംസ്കരണം ഡെങ്കി സന്ദേശങ്ങളുടെ പശ്ചാത്തലം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പ്രൂഡിസ് ഡേ.

ആവേശത്തിന്റെ അലകടലായി സയൻസ് ക്ലബ്ബ്

നമുക്കുചുറ്റും കാണുന്ന പല പ്രതിഭാസങ്ങളും നോക്കി അമ്പരന്നു നിൽക്കുന്നവർക്ക് അവയ്ക്കടിസ്ഥാനമായ ശാസ്ത്രതത്ത്വങ്ങൾ മനസിലാക്കി കൊടുക്കുന്നതിനും ശാസ്ത്രീയ മനോഭാവവും മനുഷ്യസ്നേഹവും അന്വേഷണശീലവും വളർത്തുന്നതിനും വേണ്ടി സയൻസ് ക്ലബ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. കണ്ടതിന്റെയും കേട്ടതിന്റെയും അറിഞ്ഞതിന്റെയും വെളിച്ചത്തിൽ, അതിന്റെ പൊരുളറിയാൻ സയൻസ് ലൈബ്രറിയും,ശാസ്ത്രം പ്രവർത്തനമാണെന്ന തിരിച്ചറിവിന്റെ നിറവർണ്ണ സയൻസ് ലാബും, വിസ്മയങ്ങളുടെ അനന്തതയെ കൺമുമ്പിൽ എത്തിക്കുവാൻ 'കംപ്യൂട്ടർ ഉപയോഗവും, ഓർമ്മപുതുക്കലുകളുടെ സയൻസ് ക്വിസും, ശാസ്ത്രീയ വിനോദങ്ങൾ പങ്കുവയ്ക്കുവാൻ സയൻസ് രാജിക്കൂടുകളും, അറിവിന്റെ രംഗാവിഷ്കാരത്തിനായി സയൻസ് നാടകങ്ങളും, ശേഖരണ കോർണറും, ആഴത്തിലുള്ള പഠനത്തിനായി പ്രോജക്ടുകളും, ഇന്ത്യയുടെ ശാസ്ത്രീയ നേട്ടങ്ങളും കൊച്ചു മാതൃകകൾ തയ്യാറാക്കുന്ന ലിറ്റിൽ സയന്റിസ്റ്റുകളും തൊട്ടതെല്ലാം നേട്ടങ്ങളാക്കി ചെമ്മണ്ണാറിന്റെ ശാസ്ത്ര പ്രതിഭകൾ. അമ്പരിക്കുന്ന ശാസ്ത്രത്തിന്റെ മഹാസമുദ്രത്തിലേക്ക് പ്രപഞ്ചത്തിന്റെ അനന്തവിഹായസ്സിലേയ്ക്ക് ഒരായിരം കുരുന്നുശാസ്ത്ര പ്രതിഭകൾക്ക് ജന്മം നൽകിക്കൊണ്ട് സയൻസ് ക്ലബ് മുന്നേറുന്നു.

മഴ വിടപറയുമ്പോൾ

കഥ

ജാസ്മിൻ മേരി പാലച്ചുവ്

മഴ എനിക്ക് എന്നും ഒരു നിർവൃതിയാണ്. ജീവിതയാത്രയുടെ ഏതോ ഒരു കോണിൽ വച്ച് കണ്ടുമുട്ടിയ ഞങ്ങൾ ആത്മമിത്രങ്ങളായി. രക്തബന്ധങ്ങൾക്കതീതമായൊരു ബന്ധം ഞങ്ങളിൽ ഉരുത്തിരിഞ്ഞു. എന്റെ ജീവിത നിറച്ചായങ്ങളിൽ അവൾ തൂകിയ തുള്ളികൾ എന്റെ മനസ്സിന്റെ മടിത്തട്ടിൽ ഞാൻ ഇന്നും ഉടഞ്ഞുപോകാതെ കാത്തുസൂക്ഷിച്ചിരിക്കുന്നു. ജീവിതയാത്രകളിൽ നനവു പടർന്ന അവളുടെ നയനങ്ങൾ ഇന്നും എന്റെ ഓർമയിൽ മായാതെ നിൽക്കുന്നു.

ഒരുദിനങ്ങൾ അവളെ എന്നിൽ നിന്നകറ്റി. ഞാൻ അവളെ എവിടെയെല്ലാം തിരഞ്ഞു? കുന്നിൽ പുറങ്ങളിൽ, പുൽമേടുകളിൽ, കാനനഛായകളിൽ, കടൽത്തീരങ്ങളിൽ.... ഇല്ല അവളെവിടെയുമില്ല..... ഇതുവരെ അവൾ എന്നെത്തേടിയെത്തിയിട്ടില്ല. ജീവിതത്തിരക്കിന്റെ അടിത്തട്ടിൽ ഞാനും പെട്ടുപോയി.

കടൽക്കാറ്റിനോടും തിരമാലകളോടും കുശലം പറഞ്ഞിരുന്ന തണുത്ത ഒരു സായാഹ്നം. മഴയെ അപഹരിച്ച അശിഷ്കുണ്ഡമായ സൂര്യനേയും ആരോ അപഹരിച്ചിരിക്കുന്നു. ഇല്ല പകരമാരും ഇതുവരെ എത്തിയിട്ടില്ല. ദൈവത്തിന്റെ സംഹാരവിക്രിയകളെക്കുറിച്ചോർത്തപ്പോൾ എനിക്ക് ഉള്ളിൽ ചിരിവന്നു. ഹൃദയത്തിന്റെ ഉൾത്തട്ടിൽ പരിചിതമായൊരു പദചലനം കേട്ട് ഞാൻ തിരിഞ്ഞു നോക്കി. അത് മറ്റാരുമല്ല എനിക്ക് പരിചിതമായ, എന്റെ മാത്രമായ എന്റെ സ്വന്തം 'മഴ'.

എനിക്ക് പരിചിതമായ, എന്റെ പ്രിയതോഴിയായ, സ്വാതന്ത്ര്യമുള്ളമായ മഴയല്ല അത്. അവളിൽ എന്തൊക്കെയോ സംഭവിച്ചിരിക്കുന്നു.... മെലിഞ്ഞുണങ്ങിയ അവളുടെ മേനി കണ്ട് എന്റെ ഹൃദയം നീറി. എന്റെ മിഴികൾ അറിയാതെ ഈറനണിഞ്ഞു. അവളിൽ നിന്നുതിർന്ന തുള്ളികൾ എന്റെ കണ്ണുനീരിനെ കഴുകി. "ഞാൻ പോവുകയാണ്... യാത്രചോദിക്കുന്നതിനാണ് ഞാൻ വന്നിരിക്കുന്നത്..... എനിക്കുനിന്നെ പിരിഞ്ഞുപോകുന്നതിൽ വിഷമമുണ്ട്..... എങ്കിലും പോയല്ലേ പറ്റൂ.... അവളുടെ മധുരൊരിക്കൽ അലിഞ്ഞുപോയി. പിന്നെ .... കാറ്റിന്റെ ഹുങ്കാര ശബ്ദം മാത്രം.